പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5355 25.10.2011 ൽ മറുപടിക്ക്

<u>തളിപ്പറമ്പ് വിദ്യാഭ്യാസ ജില്ല</u>

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. പി. കെ. അബ്ദു റബ്ബ്<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) കണ്ണൂർ ജില്ലയിൽ എത്ര വിദ്യാഭ്യാസ ജില്ലകളുണ്ട്; ഓരോ വിദ്യാഭ്യാസ ജില്ലയിലുമുള്ള സ്കൂളുകളുടെ എണ്ണം എത്ര വീതമാണെന്ന് വ്യക്തമാക്കാമോ; | എ) രണ്ട് വിദ്യാഭ്യാസ ജില്ലകളുണ്ട്.<br>കണ്ണൂർ - 101 സ്കൂളുകൾ<br>തലശ്ശേരി - 82 സ്കൂളുകൾ |
| ബി) കേരളത്തിലെ മറ്റു വിദ്യാഭ്യാസ ജില്ലകളെ അപേക്ഷിച്ച് കണ്ണൂർ വിദ്യാഭ്യാസ ജില്ലയുടെ വലിപ്പവും സ്കൂളുകളുടെ എണ്ണത്തിലുള്ള വ്യത്യാസവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| സി) ഇക്കാരണങ്ങളാൽ കണ്ണൂർ വിദ്യാഭ്യാസ ജില്ല വിഭജിച്ച് തളിപ്പറമ്പ് ആസ്ഥാനമായി വിദ്യാഭ്യാസ ജില്ല രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിലേക്കായി കണ്ണൂർ ജില്ലാ പഞ്ചായത്ത് പ്രമേയം പാസ്സാക്കിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ അനുകൂലനടപടി സ്വീകരിക്കുമോ? | സി) ഉണ്ട്. ഇക്കാര്യം പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ